# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 27

# വാർത്താക്കുറിപ്പ്

---

## പരിസരശുചിത്വം ജീവിതചര്യയുടെ ഭാഗമാക്കണം: പ്രൊഫ. സാബു തോമസ്

മാലിന്യങ്ങൾ വലിച്ചെറിയാതെ പരിസരം ശുചിത്വത്തോടെ സൂക്ഷിക്കുന്ന ശീലം ജീവിതചര്യയുടെ ഭാഗമാക്കണമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. ഹരിത കാമ്പസായി എം.ജി.യെ മാറ്റുന്നതിനോടനുബന്ധിച്ച് വിദ്യാർഥികൾക്കും അധ്യാപകർക്കും ജീവനക്കാർക്കുമായി സംഘടിപ്പിച്ച രണ്ടാംഘട്ട ബോധവത്ക്കരണ പരിപാടി അസംബ്ലി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മാലിന്യമെന്ന് നാം വിശ്വസിക്കുന്ന വസ്തുക്കളെ ഫലപ്രദമായി വിനിയോഗിച്ചാൽ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനൊപ്പം മറ്റുനേട്ടങ്ങൾ ആർജിക്കാനാവുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ പത്മശ്രീ പുരസ്കാര ജേതാവും ശാസ്ത്രജ്ഞനുമായ പ്രൊഫ. പി.ഐ. ജോൺ പറഞ്ഞു. മാലിന്യം ഫലപ്രദമായും ഗുണപരമായും വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധ പുലർത്തണമെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട് 'നിറവ്' ഡയറക്ടർ ബാബു പറമ്പത്ത് ക്ലാസെടുത്തു. അഡ്വാൻസ്ഡ് സെന്റർ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റെയിനബിൾ ഡെവലപ്മെന്റിന്റെ ഡയറക്ടർ പ്രൊഫ. എ.പി. തോമസ്, ഡോ. റോബിനറ്റ് ജേക്കബ് എന്നിവർ പ്രസംഗിച്ചു.

പരിസ്ഥിതി സൗഹൃദമായി ശാസ്ത്രീയ രീതിയിൽ ജൈവ മാലിന്യം സംസ്കരിക്കാനും അജൈവമായവ പുനരുപയോഗ സാധ്യമാക്കാനുമുള്ള പദ്ധതിയാണ് കാമ്പസിൽ നടപ്പാക്കുക. കാമ്പസിലെ പൊതുപരിപാടികൾക്ക് ഹരിതചട്ടം നടപ്പാവും. മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കാനും ജൈവമാലിന്യത്തിൽനിന്ന് ബയോഗ്യാസടക്കമുള്ളവ ഉല്പാദിപ്പിക്കാനും ലക്ഷ്യമിടുന്നു. വിദ്യാർഥികളുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും പിന്തുണയോടെയാണ് പദ്ധതി നടപ്പാക്കുക. കാമ്പസിനെ പരിസ്ഥിതി സൗഹൃദ മാതൃകാ കാമ്പസാക്കി ഉയർത്താനും മറ്റു കാമ്പസുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

110 ഏക്കർ വരുന്ന കാമ്പസിൽ ദിവസവും നാലായിരത്തോളംപേരാണ് എത്തുന്നത്. വിദ്യാർഥികളടക്കം ആയിരത്തോളംപേർ കാമ്പസിൽ താമസിക്കുന്നു. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുകയും പുനരുപയോഗപ്പെടുത്തുകയുമാണ് ലക്ഷ്യം.

(പി.ആർ.ഒ./39/1215/2019)

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയെ ഹരിത കാമ്പസായി മാറ്റുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച രണ്ടാംഘട്ട ബോധവത്ക്കരണ പരിപാടി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു. ബാബു പറമ്പത്ത്, ഡോ. റോബിനറ്റ് ജേക്കബ്, പ്രൊഫ. പി.ഐ. ജോൺ, പ്രൊഫ. എ.പി. തോമസ് എന്നിവർ സമീപം**

## ഇന്നത്തെ (ജൂൺ 28) പരീക്ഷ മാറ്റി

ഇന്ന് (ജൂൺ 28) നടത്താനിരുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) ഹിന്ദി - 'പോയട്രി, കമ്മ്യൂണിക്കേറ്റീവ് ഹിന്ദി ആന്റ് ട്രാൻസ്ലേഷൻ' എന്ന പേപ്പറിന്റെ പരീക്ഷ മാറ്റി. മറ്റു പരീക്ഷകളുടെ തീയതികൾക്ക് മാറ്റമില്ല.

(പി.ആർ.ഒ./39/1216/2019)

## പുതുക്കിയ പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. മോഡൽ 2 ഫോറസ്ട്രി ആന്റ് എൻവയോൺമെന്റൽ ഹിസ്റ്ററി, ആർക്കിയോളജി ആന്റ് മ്യൂസിയോളജി പ്രോഗ്രാമുകളുടെ എൻവയോൺമെന്റൽ ഹിസ്റ്ററി, ഇൻട്രൊഡക്ഷൻ ടു ആർക്കിയോളജി (2017 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾ ജൂലൈ നാലിന് നടത്താൻ പുതുക്കി നിശ്ചയിച്ചു.

(പി.ആർ.ഒ./39/1217/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/ 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) മെയ് 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ജൂലൈ നാലുമുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1218/2019)

## പിഎച്ച്.ഡി. പ്രവേശന പരീക്ഷഫലം പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2019ലെ പി.എച്ച്.ഡി. പ്രവേശന പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്സൈറ്റിൽ പരീക്ഷഫലം ലഭിക്കും.

(പി.ആർ.ഒ./39/1219/2019)

## റിസർച്ച് അസോസിയേറ്റ് വാക്ക്-ഇൻ-ഇന്റർവ്യൂ ഇന്ന് (ജൂൺ 28)

മഹാത്മാ ഗാന്ധി സർവകലാശാല ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിൽ റിസർച്ച് അസോസിയേറ്റ് തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഇന്ന് (ജൂൺ 28) വാക്ക്-ഇൻ-ഇന്റർവ്യൂ നടക്കും. ആറു മാസത്തേക്കാണ് കരാർ നിയമനം. ജനറൽ വിഭാഗത്തിൽ ഒരൊഴിവാണുള്ളത്. മാസം 35000 രൂപയാണ് പ്രതിഫലം. ലൈഫ് സയൻസിന്റെ ഏതെങ്കിലും ബ്രാഞ്ചിലുള്ള പിഎച്ച്.ഡി.യാണ് യോഗ്യത. പ്രൊജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കിയുള്ള പരിചയം അഭികാമ്യം. പ്രായം: 2019 ജൂൺ ഒന്നിന് 35 വയസ് (നിയമപരമായ ഇളവ് ലഭിക്കും). താല്പര്യമുള്ളവർ രാവിലെ 10ന് അസൽ രേഖകളുമായി സർവകലാശാല കാമ്പസിലെ സ്കൂൾ ഓഫ് ബയോസയൻസസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 9847901149.

(പി.ആർ.ഒ./39/1220/2019)

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ എം.ബി.എ. പ്രോഗ്രാമിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. ക്യാറ്റ്/ സിമാറ്റ്/ കെമാറ്റ് യോഗ്യതയുള്ളവർ അസൽ രേഖകളുമായി ജൂലൈ രണ്ടിന് രാവിലെ 9.30ന് നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2732288.

(പി.ആർ.ഒ./39/1221/2019)

## സ്പോട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാല ഡോ. കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ സ്റ്റേറ്റ് ഫിനാൻസ് റിലേഷൻസിൽ എം.എ. ഇക്കണോമിക്സ് പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒഴിവുള്ള സീറ്റിലെ സ്പോട് അഡ്മിഷനുള്ള ഇന്റർവ്യൂ ജൂലൈ ഒന്നിന് നടക്കും. രാവിലെ 10ന് കെ.എൻ. രാജ് സെന്റർ ഡയറക്ടറുടെ ഓഫീസിലാണ് ഇന്റർവ്യൂ. താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി എത്തണം.

(പി.ആർ.ഒ./39/1222/2019)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

മൂന്നാം സെമസ്റ്റർ ബി.കോം. സപ്ലിമെന്ററി സി.ബി.സി.എസ്.എസ്, ഒക്‌ടോബർ 2018 പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ജൂലൈ ഒന്ന്, രണ്ട് തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 225-ാം നമ്പർ മുറിയിലെ ഇ.ജെ.-IV സെക്ഷനിൽ തിരിച്ചറിയൽ കാർഡ്/ ഹാൾടിക്കറ്റ് സഹിതം എത്തണം.

(പി.ആർ.ഒ./39/1223/2019)

## പരീക്ഷഫലം

2018 ഒക്‌ടോബറിൽ നടന്ന മൂന്നാം വർഷ ബി.ഫാം (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 10 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1224/2019)

2018 ജൂണിൽ നടന്ന നാല്, ആറ് സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., സി.ബി.സി.എസ്.എസ്. (മോഡൽ III - 2013ന് മുമ്പുള്ള അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1225/2019)

## ഹാൾടിക്കറ്റ്

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്ന പ്രിലിംസ് കം മെയിൻസ് പരിശീലന പരിപാടിയിലേക്കുള്ള പ്രവേശനപരീക്ഷയുടെ ഹാൾടിക്കറ്റ് ലഭിക്കാത്തവർ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടണമെന്ന് ഡയറക്ടർ അറിയിച്ചു. ജൂൺ 30നാണ് പ്രവേശന പരീക്ഷ. ഇമെയിൽ: mgucivilservice@gmail.com

(പി.ആർ.ഒ./39/1226/2019)

## സിൻഡിക്കേറ്റ് യോഗം ഇന്ന് (ജൂൺ 28)

മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് യോഗം ഇന്ന് (ജൂൺ 28) ഉച്ചകഴിഞ്ഞ് രണ്ടിന് സർവകലാശാല ഭരണവിഭാഗം സിൻഡിക്കേറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ./39/1227/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ